## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 4515 — 22.07.2015-ൽ മറുപടിക്ക്.

### സാറ്റലൈറ്റ് ഫയർ & റസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സാറ്റലൈറ്റ് ഫയർ & റസ്ക്യൂ സ്റ്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ; എന്തെല്ലാം സേവനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | : (എ) സാറ്റലൈറ്റ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പുതിയ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാതെ തന്നെ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ഒരു യൂണിറ്റിനെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് വിന്യസിക്കുന്നതിനെയാണ് വർദ്ധിച്ചു വരുന്ന ട്രാഫിക് തിരക്ക് കാരണം നഗര ഭാഗങ്ങളിലുണ്ടാകുന്ന ആക്സിഡന്റുകൾ, മറ്റ് അത്യാഹിതങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാളുകൾ അറ്റന്റ് ചെയ്യുന്നതിന് സമീപത്തുള്ള ഫയർ സ്റ്റേഷനുകളിൽ നിന്നും സംഭവസ്ഥലത്ത് എത്തിച്ചേരുന്നതിന് കാലതാമസമുണ്ടാക്കുകയും രക്ഷാ പ്രവർത്തനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യാറുണ്ട്. തിരക്കേറിയ ഭാഗങ്ങളിൽ സദാസമയവും ഓരോ യൂണിറ്റുകളെ വിന്യസിപ്പിക്കുന്നത് യഥാസമയം സ്പോട്ടിൽ എത്തിച്ചേരുന്നതിനും രക്ഷാ പ്രവർത്തനം സുഗമമാക്കാനും സഹായകമാകുന്നു. |
| (ബി) പ്രസ്തുത സ്റ്റേഷനുകൾ എത്രയെണ്ണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ? | : (ബി) സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ